(ഡി) ബസ്സ് ചാർജ് നിരക്ക് വർദ്ധിപ്പിക്കുന്നതിനെ സംബന്ധിച്ചും പഠിക്കാൻ ആവശ്യപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സർക്കാർ സ്ഥാപനമായ കേരളാസ്റ്റേറ്റ് കൗൺസിൽ ഫോർ സയൻസ് ആന്റ് ടെക്നോളജിയുടെ കീഴിലുള്ള ദേശീയഗതാഗത ആസൂത്രണ കേന്ദ്രം (നാട്പാക്) പട്ടം, തിരുവനന്തപുരം എന്ന ഏജൻസിയെയാണ് ട്രാൻസ്പോർട്ട് വ്യവസായ രംഗത്തെ പ്രശ്നങ്ങൾ പഠിക്കാനായി ചുമതലപ്പെടുത്തിയിരിക്കുന്നത്.

(സി) ട്രാൻസ്പോർട്ട് മേഖലയിലുള്ള പ്രധാന പ്രശ്നങ്ങളെപ്പറ്റി പഠിച്ച് പരിഹാര നിർദ്ദേശങ്ങൾ സർക്കാരിന് സമർപ്പിക്കാൻ നാട്പാകിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ഡി) ബസ്സ് ചാർജ് വർദ്ധനവിനെക്കുറിച്ച് പഠിക്കുവാൻ റിട്ടയേർഡ് ചീഫ് സെക്രട്ടറി ശ്രീ. രബീന്ദ്രൻനായരെ ചുമതലപ്പെടുത്തുകയും, പഠന റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിൽ സ്റ്റേജ് ക്യാരേജ് സർവ്വീസ് നടത്തുന്നതിനുള്ള വില സൂചികയിലുണ്ടാകുന്ന വർദ്ധനവിനാധാരമായ സ്റ്റേജ് ക്യാരേജുകളുടെ യാത്രാനിരക്കിലും മാറ്റം വരുത്തുന്നതിന് നിർദ്ദേശം ഉണ്ട്. പ്രസ്തുത വില സൂചികയെക്കുറിച്ച് പഠിക്കുന്നതിനും പുതുക്കി നിശ്ചയിക്കുന്നതിനുള്ള നിർദ്ദേശങ്ങളും അഭിപ്രായങ്ങളും നൽകുന്നതിന് സർക്കാർ ഉത്തരവ് നമ്പർ ജി.ഒ.(എം.എസ്.) നം. 7/04/ട്രാൻ. തീയതി, 7-2-2004 പ്രകാരം നാറ്റ്പാകിനെ ചുമതലപ്പെടുത്തുകയുണ്ടായി. നാറ്റ്പാകിന്റെ റിപ്പോർട്ട് ലഭിച്ചിട്ടില്ല.

രജിസ്റ്റർ ചെയ്യപ്പെട്ട വാഹനങ്ങൾ

125 [2252] ശ്രീമതി മാലേത്ത് സരളാദേവി:

ശ്രീ. പി. ടി. തോമസ്:

„ പ്രയാർ ഗോപാലകൃഷ്ണൻ:

„ ഡി. സുഗതൻ:

„ എം. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിത്യേന എത്ര വാഹനങ്ങൾ വീതം സാധാരണ രജിസ്റ്റർ ചെയ്യപ്പെടുന്നുണ്ട്;

(ബി) ഒരു കിലോ മീറ്റർ ടാറിട്ട പക്കാ റോഡിൽ ശരാശരി എത്ര വാഹനങ്ങൾ ദിനംപ്രതി ഓടുന്നുണ്ട്;

(സി) 2004 മേയ് 31-നു സംസ്ഥാനത്ത് വിവിധ ജില്ലകളിലായി ആകെ രജിസ്റ്റർ ചെയ്ത വാഹനങ്ങളുടെ എണ്ണം എത്ര;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) 2003 ജൂൺ 1 മുതൽ 2004 മേയ് 31 വരെയുള്ള ഒരു വർഷക്കാലത്തിനുള്ളിൽ രജിസ്റ്റർ ചെയ്ത വിവിധ വാഹനങ്ങളുടെ കണക്ക് വെളിപ്പെടുത്താമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ഒരു ദിവസം ശരാശരി 940 വാഹനങ്ങൾ രജിസ്റ്റർ ചെയ്യുന്നുണ്ട്.

(ബി) ഇത്തരത്തിൽ ഒരു കണക്ക് മോട്ടോർ വാഹന വകുപ്പിൽ ലഭ്യമല്ല.

(സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ഡി) 2003 ജൂൺ 1 മുതൽ 2004 മാർച്ച് 31 വരെ ആകെ 2,80,701 വാഹനങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

വാഹനങ്ങളുടെ ജില്ല തിരിച്ചുള്ള കണക്ക്

126 [2253] ശ്രീ. സി. ടി. അഹമ്മദ് അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് രജിസ്റ്റർ ചെയ്യപ്പെട്ട എത്ര വാഹനങ്ങൾ നിലവിലുണ്ടെന്നുള്ള ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത വാഹനങ്ങൾ ഏതെല്ലാം തരത്തിലുള്ളതാണെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത ഓരോ വിഭാഗത്തിലും എത്ര എണ്ണം വീതമുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 31-3-2004 വരെ സംസ്ഥാനത്ത് 28,31,872 വാഹനങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്കുകൾ ശേഖരിച്ചു നൽകുന്നതാണ്.

(ബി ആന്റ് സി) 31-3-2003 വരെ രജിസ്റ്റർ ചെയ്ത വാഹനങ്ങളുടെ വിവരം അന്യത്ര ചേർത്തിരിക്കുന്നു. † 31-3-2004 വരെയുള്ള കണക്കുകൾ ശേഖരിച്ചു നൽകുന്നതാണ്.

സ്വകാര്യ ബസ്സുകളുടെ 2003-2004 കാലയളവിലെ വാഹനാപകടങ്ങളുടെ കണക്ക്

127 [2254] ശ്രീ. വി. ചെന്താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനാന്തര സർവ്വീസ് നടത്തുന്ന സ്വാകാര്യ ബസ്സുകളുടെ അമിതവേഗതമൂലം ഇത്തരം വാഹനങ്ങൾ അപകടങ്ങൾ കൂടുതലായി വരുത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

† നിയമസഭാ ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly